"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ദിവസവേതനത്തിൽ സ്വീപ്പറായിരുന്ന ശ്രീമതി. പി.കെ നഫീസയുടെ സേവനം പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1611/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 25/08/2021

---

പരാമർശം:-

1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 29.11.2018 ലെ TA 7320/2012 നം. ഉത്തരവ്
2. ശ്രീമതി. പി.കെ. നഫീസ സമർപ്പിച്ച 07/06/2019 തീയതിയിലെ അപേക്ഷ.
3. പഞ്ചായത്ത് ഡയറക്ടറുടെ 17.03.2020 ലെ PAN/11245/2019-E9(DP) നം. കത്ത്

**ഉത്തരവ്**

1. ശ്രീമതി. പി.കെ. നഫീസ പരാമർശം (2) പ്രകാരം സർക്കാരിൽ സമർപ്പിച്ച അപേക്ഷയിൽ ടിയാരി വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ 27.10.2001 മുതൽ ദിവസ വേതനത്തിൽ സ്വീപ്പറായി ജോലി ചെയ്ത് വരവെ മുഴുവൻ ദിവസവേതനക്കാരേയും പിരിച്ച് വിടണമെന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാരിയെയും പിരിച്ച് വിട്ടിരുന്നതായും തുടർന്ന് ബഹു. ഹൈക്കോടതിയുടെ പൊതു വിധിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നല്കുകയുണ്ടായെന്നും എന്നാൽ ടിയാരിയുടെ സർവീസ് ക്രമവൽക്കരിക്കുന്നതിന് അപേക്ഷിച്ചപ്പോൾ 22010/ഇപിഎ2/2007/തസ്വഭവ ഉത്തരവ് പ്രകാരം ജോലിയിൽ നിന്ന് പിരിച്ച് വിടുന്നതിന് ഉത്തരവായതായും ഇതിനെതിരെ ഫയൽ ചെയ്ത കേസിൽ സ്റ്റേ ലഭിച്ചതായും ടി കേസിലെ അന്തിമ വിധിയിൽ വിധിപകർപ്പ് കൈപ്പറ്റി മൂന്ന് മാസത്തിനകം സർവീസ് റഗുലറൈസ് ചെയ്ത് ഉത്തരവാകണമെന്നും തുടർന്ന് ഒരു മാസത്തിനകം സർവീസ് ബെനിഫിറ്റും നല്കണമെന്ന് ഉത്തരവായതായും ആയതിനാൽ ഇക്കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിച്ച് വിവരങ്ങൾ അറിയിക്കണമെന്നും

അഭ്യർത്ഥിക്കുകയും ചെയ്ത് പരാമർശം (1) ഉത്തരവ് സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തു. ശ്രീമതി. പി.കെ. നഫീസ ഫയൽ ചെയ്തിരുന്ന TA 7320/2012 നം. ഹർജിയിലെ പരാമർശം (1) ഉത്തരവിൽ അപേക്ഷകയ്ക്ക് 25.11.2005 ലെ സ.ഉ(പി) 501/2005/ധന, 09.2.2010 ലെ സ.ഉ(പി) 61/10/ധന ഉത്തരവുകൾ പ്രകാരം ക്രമവൽക്കരണത്തിന് അർഹതയുള്ളതായും അപേക്ഷകയുടെ സേവനം ക്രമവൽക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കാനും നിർദേശിച്ചിരുന്നു.

2. ശ്രീമതി. പി.കെ. നഫീസ 27.10.2001 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതും ദിവസവേതനാടിസ്ഥാനത്തിൽ 05.08.2004 വരെ തുടർച്ചയായിട്ടല്ലാതെ പാർട്ട് ടൈം സ്വീപ്പറായി സേവനമനുഷ്ഠിച്ചിട്ടുള്ളതുമാണ്. ടി ഓഫീസിൽ ഒഴിവ് വന്ന തസ്തികയിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി തെരഞ്ഞെടുത്ത് നിയമനം നൽകിയ ജീവനക്കാരി 06.08.2004 ന് ജോലിയിൽ പ്രവേശിക്കുകയും ശ്രീമതി. പി.കെ. നഫീസയുടെ ടി തസ്തികയിലെ സേവനം അവസാനിപ്പിക്കുകയുമാണുണ്ടായിട്ടുള്ളത്. ബഹു. കേരള ഹൈക്കോടതിയുടെ 18.06.2004 ലെ WP(C) 30927/03 വിധിന്യായ പ്രകാരം ദിവസവേതനക്കാരായ പാർട്ട് ടൈം സ്വീപ്പർമാരെ അവർ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ സ്ഥിരപ്പെടുത്തണമെന്നും ഇത്തരത്തിലുള്ള നിയമനങ്ങൾക്ക് 01.03.1997 മുതൽ മുൻകാല പ്രാബല്യവും കുടിശ്ശികയ്ക്കും അർഹതയുണ്ടായിരിക്കുമെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. 17.07.2003 ലെ ജി.ഒ(പി) 390/03/ഫിൻ ഉത്തരവ് പ്രകാരം അത്തരത്തിലുള്ള ആരുടെയെങ്കിലും സർവീസ് അവസാനിപ്പിച്ചിട്ടുണ്ടെങ്കിൽ അവരെ ഉടൻ തന്നെ വീണ്ടും ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും അവർക്ക് മേൽ കോടതി ഉത്തരവ് ബാധകമായിരിക്കുന്നതുമാണ് എന്നതിന്റെ അടിസ്ഥാനത്തിൽ ടി വിധിന്യായം ശ്രീമതി. പി.കെ നഫീസ തനിക്ക് കൂടി ബാധകമാക്കി പ്രസ്തുത തീയതി മുതൽ തന്നെ ടി ഓഫീസിൽ നിലനിർത്തി പുനർനിയമനം നൽകി ഉത്തരവാകണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. പി.കെ നഫീസയെ നിലവിലുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ടിയാരി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത് വന്നിരുന്ന 27.10.2001 മുതൽ മുൻകാല പ്രാബല്യത്തോടെ നിയമിച്ച് ഉത്തരവാകുകയും നിലവിൽ പാർട്ട് ടൈം സ്വീപ്പർ ആയിരുന്നയാളെ വൈത്തിരി ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റി നിയമിക്കുകയും ഈ ഒഴിവിൽ ശ്രീമതി. പി.കെ നഫീസയെ ഡി.ഡി.പി ഓഫീസിൽ 30.11.2004 ന് ജോലിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. പാർട്ട് ടൈം സ്വീപ്പറായി നിയമിച്ച ശ്രീമതി. പി.കെ നഫീസയുടെ നിയമനം റഗുലറൈസ് ചെയ്യണമെന്നുള്ള ടിയാരിയുടെ

അപേക്ഷ പ്രകാരം 30.11.2004 മുതൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമിച്ച നടപടി വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 29.12.2004 തീയതിയിലെ എ1-1111/88 നം ഉത്തരവ് പ്രകാരം റഗുലറൈസ് ചെയ്ത് ഉത്തരവായിരുന്നു. എന്നാൽ ശ്രീമതി. പി.കെ നഫീസ ടിയാരിയുടെ 27.10.2001 മുതലുള്ള സർവീസ് റഗുലറൈസ് ചെയ്യണമെന്ന് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച് വ്യക്തത വരുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർ മുഖേന സർക്കാരിലേക്ക് സമർപ്പിക്കുകയും 31.10.2007 ലെ 22010/ഇപിഎ2/07/തസ്വഭവ നം. കത്ത് പ്രകാരം KLT-848/04(2) വിധിപ്രകാരം ശ്രീമതി. പി.കെ നഫീസയെ പാർട്ട് ടൈം സ്വീപ്പറായി 27.10.2001 മുതൽ നിയമിച്ച വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി സാധൂകരിക്കാനാവില്ലെന്നും ശ്രീമതി. പി.കെ നഫീസയുടെ സേവനം എത്രയും വേഗം അവസാനിപ്പിച്ച് നിലവിലുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ആളെ നിയമിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അറിയിക്കുകയും ചെയ്തിരുന്നു. എന്നാൽ ടി പിരിച്ച് വിടലിനെതിരെ ശ്രീമതി. പി.കെ നഫീസ ബഹു. കേരള ഹൈക്കോടതിയുടെ 12.11.2007 ലെ WP(c) 33267/2007 നം. ഉത്തരവ് പ്രകാരം 3 മാസത്തേക്ക് സ്റ്റേ വാങ്ങിയിരുന്നു. 26.10.2009 ലെ wp(c) 33267/2007 നം. ഉത്തരവ് പ്രകാരം ബഹു. കേരള ഹൈക്കോടതിയിൽ നിന്നും പിരിച്ച വിടലിനെതിരെയുള്ള സ്റ്റേ മറ്റ് ഉത്തരവുകൾ ഉണ്ടാകുന്നത് വരെ തുടരാനുള്ള അനുമതി വാങ്ങുകയും ചെയ്തു. പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീമതി. പി.കെ നഫീസ വയനാട് ജില്ലാ കളക്ടർ ജില്ലാ തലത്തിൽ തയ്യാറാക്കുന്ന പാർട്ട് ടൈം സ്വീപ്പർമാരുടെ പൊതു സീനിയോറിറ്റി ലിസ്റ്റിൽ 85-ാം നമ്പരായി ഉൾപ്പെടുകയും തുടർന്ന് പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഗവൺമെന്റ് ഐ.ടി.ഐ, നെന്മേനി യിലെ ഫുൾ ടൈം സ്വീപ്പർ തസ്തികയിലേക്ക് ശുപാർശ ചെയതതിന്റെ അടിസ്ഥാനത്തിൽ വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിന്നും 06.07.2017 ന് വിടുതൽ ചെയ്തിട്ടുണ്ടെന്നും ടിയാരി 07.07.2017 ന് ഫുൾ ടൈം സ്വീപ്പറായി ഗവൺമെന്റ് വനിതാ ഐ.ടി.ഐ യിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തു. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (1) ഉത്തരവ് പാലിക്കാത്തതിനാൽ അപേക്ഷക CP(C) 91/2021 നമ്പർ കോടതിയലക്ഷ്യ ഹർജി ഫയൽ ചെയ്യുകയും ആയത് ബഹു. ട്രൈബ്യൂണലിന്റെ പരിഗണനയിലുമാണ്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യങ്ങൾ പരിഗണിച്ച

ശ്രീമതി. പി.കെ നഫീസയെ വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ടിയാരി സേവനത്തിൽ പ്രവേശിച്ച 27.10.2001 തീയതി മുതൽ പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (1) ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യൂ
അഡിഷണൽ സെക്രട്ടറി

ശ്രീമതി. പി.കെ നഫീസ, പാലാടൻ കണ്ടി (ഹൗസ്), കെല്ലൂർ. പി.ഒ, മാനന്തവാടി, വയനാട് 670645

അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട് ജില്ല.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സി. ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/88/2019-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Danujoles
സെക്ഷൻ ഓഫീസർ